
GHSS OTHUKKUNGAL

# SPACE

DIGITAL MAGAZINE 24



സ്നേഹം നിറഞ്ഞ കുട്ടികളെ,

പഠന പ്രവർത്തനങ്ങൾ ക്ലാസ് മുറികളിൽ മാത്രം ഒതുക്കാതെ ഡിജിറ്റൽ മാഗസിൻ പുറത്തിറക്കുന്നതിലൂടെ കഴിവുതെളിയിക്കുന്ന ഈ സ്കൂളിലെ ലിറ്റിൽ കൈറ്റ് ക്ലബ് അംഗങ്ങളെയും പിന്നിൽ പ്രവർത്തിച്ച അധ്യാപകരേയും പ്രത്യേകം അഭിനന്ദിക്കുന്നു.

വിദ്യാർത്ഥികളുടെ സർഗ്ഗശേഷി പോഷിപ്പിക്കുന്നതിനും അവരിൽ അന്തർലീനമായ പ്രതിഭകളെ കണ്ടെത്തുവാനും പ്രകടിപ്പിക്കുവാനും ഈ മാഗസിൻ ഉപകാരപ്പെടട്ടെ എന്ന് ആശംസിക്കുന്നു.

ഹെഡ് മിസ്ട്രസ്
**ഗീതാ ദേവി പി എൻ**

# EDITORIAL BOARD


ഫാത്തിമ നൗഫി കെ കെ
ഫാത്തിമ സുഹൈല
മുഹമ്മദ് റിസാൻ കെ
ഷഹൽ വി
ഇബ്രാഹിം ബാദുഷ വി കെ
അഭിനന്ദ് എ വി
മുഹമ്മദ് ഷാമിൽ
അഭിനവ് എ വി

# [illegible]...



ഒരു ചെറിയ കുഗ്രാമം യാതൊരു വികസനവും ഇല്ലാത്ത ഒരു ചെറിയ ഗ്രാമം കഥാനായകൻ വീടിന്റെ മേൽക്കൂരയിൽ നിന്ന് നാളത്തെ പരീക്ഷയ്ക്കുള്ള കോപ്പി ഉണ്ടാകുന്നു കുമാർ എന്നാണ് അവന്റെ പേര് നാളത്തെ പരീക്ഷയ്ക്ക് കഷ്ടപ്പെട്ട് എഴുതിക്കൊണ്ടിരിക്കുന്ന കുമാർ പെട്ടെന്ന് ഒരു ഗവൺമെന്റ് ഉദ്യോഗസ്ഥൻ തന്റെ വീടിന്റെ മുമ്പിൽ എന്തോ ഒട്ടിച്ചു വയ്ക്കുന്നു അത് തടയാൻ നിൽക്കുന്ന അവന്റെ മുത്തശ്ശി യും അച്ഛനും സഹോദരനായ മാഹിയും മുത്തശ്ശി ഗവൺമെന്റ് ഉദ്യോഗസ്ഥനോട് ചോദിച്ചു: എന്താ അത്?

ഗവൺമെന്റ് ഉദ്യോഗസ്ഥൻ പറഞ്ഞു: നിങ്ങളുടെ വീട് ജപ്തി ചെയ്യാനുള്ള നോട്ടീസ് ആണെന്ന്

പെട്ടെന്ന് മുത്തശ്ശി ദേഷ്യത്തോടെ കലിതുള്ളി അവനു നേരെ പാഞ്ഞു എന്നിട്ട് സഹോദരനായ മാഹിയോട് വീട്ടിലെ തോക്കെടുത്തു കൊണ്ടുവരാൻ പറയുകയും ഉദ്യോഗസ്ഥനേരെ ചൂണ്ടിപിടിയും ചെയ്യുന്നു പെട്ടെന്ന് അവന്റെ അമ്മ അതിൽ നിന്ന് അവനെ പിന്തിരിപ്പിക്കുന്നു ഉടനെ ഒരു പോലീസുകാരൻ വരികയും വീട്ടിൽ ഒരു സീൽ വയ്ക്കുകയും ചെയ്യുന്നു അടുത്തദിവസം കുമാറിന് സ്കൂളിൽ പന്ത്രണ്ടാം ക്ലാസ് പബ്ലിക് എക്സാം ആണ് എന്നാൽ വികസനം ഇല്ലാത്ത നാടും നാട്ടുകാരും ആയതുകൊണ്ട് തന്നെ സ്കൂൾ മാനേജ്മെന്റ് ഇടപെട്ടുകൊണ്ട് തെറ്റായ രീതിയിലൂടെ എല്ലാവരെയും വിജയിപ്പിക്കാൻ ശ്രമിക്കുന്നു അതിനിടെ ഒരു ഉയർന്ന പോലീസുകാരൻ സ്കൂളിലേക്ക് വരുകയും അദ്ദേഹത്തിന്റെ പേരാണ് മിർഗാവൽ  സ്കൂളിലെ ആ കാഴ്ച കണ്ട് ഞെട്ടുകയും ചെയ്യുന്നു പോലീസുകാരെ സ്വാധീനിപ്പിക്കാൻ ശ്രമിച്ച മാനേജരെയും അയാൾ അറച്ച് ചെയ്യുകയും ആ വർഷം എഴുതി എല്ലാ കുട്ടികളെയും പരീക്ഷയിൽ തോൽക്കുകയും ചെയ്യുന്നു

തന്റെ കുടുംബം പ്രതീക്ഷയോടെ കണ്ട കുമാർ തോറ്റതോടെ ആകെ തളർന്നുപോയി എന്നിരുന്നാലും അവർ അവനെ കൈവിടിയാതെ നിന്നു ഒരിക്കൽ കുമ്മാറവിന്റെ സഹോദരൻ മാഹിയുമായി വീട്ടിലെ ഒരു രക്ഷ ശരിയാക്കി നാട്ടിലെ തെരുവിലൂടെ മറ്റുള്ളവരെ കൊണ്ടുപോയി അതിൽ നിന്നും വരുമാനം നേടുകയും ചെയ്യു

**പെട്ടെന്ന് മുത്തശ്ശി ദേഷ്യത്തോടെ കലിതുള്ളി അവനു നേരെ പാഞ്ഞു എന്നിട്ട് സഹോദരനായ മാഹിയോട് വീട്ടിലെ തോക്കെടുത്തു കൊണ്ടുവരാൻ പറയുകയും ഉദ്യോഗസ്ഥനേരെ ചൂണ്ടിപിടിയും ചെയ്യുന്നു പെട്ടെന്ന് അവന്റെ അമ്മ അതിൽ നിന്ന് അവനെ പിന്തിരിപ്പിക്കുന്നു ഉടനെ ഒരു പോലീസുകാരൻ വരികയും വീട്ടിൽ ഒരു സീൽ വയ്ക്കുകയും ചെയ്യുന്നു അടുത്തദിവസം കുമാറിന് സ്കൂളിൽ പന്ത്രണ്ടാം ക്ലാസ് പബ്ലിക് എക്സാം ആണ് എന്നാൽ വികസനം ഇല്ലാത്ത നാടും നാട്ടുകാരും ആയതുകൊണ്ട് തന്നെ സ്കൂൾ മാനേജ്മെന്റ് ഇടപെട്ടുകൊണ്ട് തെറ്റായ രീതിയിലൂടെ എല്ലാവരെയും വിജയിപ്പിക്കാൻ ശ്രമിക്കുന്നു അതിനിടെ ഒരു ഉയർന്ന പോലീസുകാരൻ സ്കൂളിലേക്ക് വരുകയും അദ്ദേഹത്തിന്റെ പേരാണ് മിർഗാവൽ  സ്കൂളിലെ ആ കാഴ്ച കണ്ട് ഞെട്ടുകയും ചെയ്യുന്നു പോലീസുകാരെ സ്വാധീനിപ്പിക്കാൻ ശ്രമിച്ച മാനേജരെയും അയാൾ അറച്ച് ചെയ്യുകയും ആ വർഷം എഴുതി എല്ലാ കുട്ടികളെയും പരീക്ഷയിൽ തോൽക്കുകയും ചെയ്യുന്നു**

ന്നു പിറ്റേദിവസം അതേസമയം ആൾക്കാരെ കൊണ്ട് പോയപ്പോൾ ഒരു ബസ്സുകാരൻ അവരെ തടയുകയും യാത്രക്കാരെ എല്ലാം തങ്ങളുടെ വാഹനത്തിലേക്ക് കയറ്റാൻ ശ്രമിക്കുകയും ചെയ്യുന്നത് കണ്ട് സഹോദരനായ മാഹി അവരെ തല്ലി ഓടിക്കുകയും ചെയ്യുന്നു എന്നാൽ കുറച്ചു ദൂരം കഴിഞ്ഞതും കുറച്ചു പോലീസുകാരെ അവർ മയക്കി മാഹിയെയും കുമാറിനെയും തടഞ്ഞു ജയിലിലേക് കൊണ്ടുപോയി അപ്പോഴാണ് അവർക്ക് മനസ്സിലായത് അത് നാട്ടിലെ വലിയ പണക്കാരുടെ തൊഴിലാളികളും അവരുടെ ബസ്സും ആയിരുന്നു എന്ന് കുമാറിന് നേരെയും മാഹിക്ക് നേരെയും കേസുകൾ ചാർജ് ചെയ്യുന്നത് കണ്ടു മാഹി താനാണ് കുറ്റം ചെയ്തതെന്ന് പോലീസുകാരോട് പറയുകയും കുമാറിനെ വിട്ടയക്കുകയും ചെയ്യുന്നു മാഹികുമാറിനോട് ആരെങ്കിലും കൊണ്ടുവരാൻ പറഞ്ഞു കുമാർ ആദ്യം തന്നെ തന്റെ സ്കൂളിലേക്ക് വന്ന ഉയർന്ന പോലീസുകാരനായ മിർഗാവലിനെ അടുത്ത കാര്യം പറയും മിർഗാവൽ  തെറ്റ് ചെയ്ത പോലീസുകാരെ ശിക്ഷിക്കുകയും മാഹിയെ വിട്ടയക്കുകയും ചെയ്യുന്നു തുടർന്ന് തെരുവിലൂടെ നടക്കുന്ന മാഹിയെ എം കുമാറിനെയും മിർഗാവൽ തന്റെ വാഹനത്തിൽ കയറ്റി വീട്ടിലേക്ക് അയക്കാൻ കൊണ്ടുപോവുകയും ചെയ്യുന്നു ഇതിനിടയ്ക്ക് കുമാറിന് മിർഗാവലിന്റെ പ്രവർത്തിയെയും  പദവിയെയും വല്ലാതെ ഇഷ്ടപ്പെടുകയും കുമാർ  മിർഗാവലിനോട് താങ്കളെപ്പോലെ ആവാൻ എന്തു ചെയ്യണം എന്ന് പറയുകയും അതിന് മിർഗാവൽ ആദ്യം തന്നെ നീ നിന്റെ തെറ്റുകൾ നിർത്താൻ ആവശ്യപ്പെടുന്നു മാഹി കുമാറിനോട് തങ്ങളുടെ റിക്ഷ തരാൻ മിർഗാവലിനോട് പറയാൻ ആവശ്യപ്പെടുന്നുണ്ടെങ്കിൽ പോലും കുമാർ അതൊന്നും നോക്കാതെ ആ പദവിയെ എങ്ങനെ നേടാം എന്നതിനെക്കുറിച്ച് ചോദിച്ചു മനസ്സിലാക്കുന്നു അടുത്ത പബ്ലിക് പരീക്ഷ ആയപ്പോഴേക്കും മിർഗാവൽ അവിടെനിന്ന് ട്രാൻസ്ഫറായി പോവുകയും സ്കൂളിൽ പഴയതുപോലെ തെറ്റ് ആവർത്തിക്കാൻ തുടരുകയും ചെയ്യുന്നു എന്നാൽ ഇതിനൊന്നും വിപരീതമായി കുമാർ സ്വന്തം പരിശ്രമം കൊണ്ട് പരീക്ഷ എഴുതാൻ ശ്രമിക്കുകയും അതിൽ പാസാക്കുകയും ചെയ്യുന്നു തുടർ പഠനത്തിനായി അവൻ ഡൽഹിയിലേക്ക് പോകാൻ ആഗ്രഹിക്കുന്നു IPS എന്ന പതിവ് ലഭിക്കാൻ വല്ലാതെ ആഗ്രഹിക്കുകയും ചെയ്യുന്നതിലൂടെ തന്റെ മുത്തശ്ശി ഒരുക്കിവെച്ച പണം കുമാറിന് കൊടുക്കുകയും അവൻ പ്രതീക്ഷകളുടെ ഡൽഹിയിലേക്ക് പോവുകയും ചെയ്യുന്നു എന്നാൽ അവന്റെ പണം അവിടെ വച്ച് ആരോ അടിച്ചു മാറ്റുകയും ഭക്ഷണത്തിനു പോലും വകയില്ലാതെ നിൽക്കുമ്പോൾ ആണ് ആ പരീക്ഷ മാറ്റിവെച്ചു എന്നും കേട്ടതോടെ അവൻ ആകെ വിഷമത്തിൽ മുങ്ങി എന്നാൽ ഇതൊക്കെ കണ്ടിരുന്ന ഒരു ചെറുപ്പക്കാരൻ അവന് ഭക്ഷണം നൽകുകയും താനും ആ പരീക്ഷയ്ക്ക് വന്നതാണെന്ന് എന്നറിഞ്ഞതോടെ ഇരുവരും ഒരുമിച്ച് വേറെ ഒരു പരീക്ഷ എഴുതാൻ നിൽക്കുകയും ചെയ്യുന്നു ആദ്യശ്രമം നന്നായി എഴുതാൻ ശ്രമിച്ചെങ്കിലും അവൻ തോറ്റുപോകും എന്നാൽ അതൊന്നും വകവെക്കാതെ താൻ ഒന്നുകൂടി കഠിനമായി പരിശ്രമിക്കുകയും തന്റെ സുഹൃത്തിന്റെ ഒരൊറ്റ വാക്ക് ' റീ സ്റ്റാർട്ട് ' എന്നതിലൂടെ അവൻ പ്രചോദിനാകുമാർ അടുത്ത പരീക്ഷ പാസാക്കുകയും എന്നാൽ IPS എന്ന പതിവി ലഭിക്കാൻ ഇനിയും രണ്ട് ഘട്ടങ്ങൾ കൂടി വിജയിച്ചാൽ മാത്രമേ അത് ലഭിക്കു  അവിടെയുള്ള ചെലവുകളും എല്ലാം ആയപ്പോൾ അവൻ ഒരു മില്ലിൽ പണി ചെയ്യുകയും ബാക്കിയുള്ള സമയം പഠിക്കുകയും ചെയ്യുന്നു അതിനിടെ രണ്ടാംഘട്ടത്തിലെ പരീക്ഷയിൽ അവൻ ഒന്നുകൂടി തോൽക്കുകയും എന്നിരുന്നാലും അവൻ കഠിനമായി ശ്രമിക്കുകയും പഠിത്തത്തിന്റെ സമയം കൂട്ടുകയും ചെയ്യുന്നു അവസാനം അവൻ ആ രണ്ടാം ഘട്ടത്തിൽ  വിജയിക്കുന്നു അവസാന ഘട്ടത്തിൽ ഉദ്യോഗസ്ഥനുമായുള്ള സംഭാഷണമാണ് ഉദ്യോഗസ്ഥൻ കുമാരോട് ചോദിക്കുന്നു എന്തുകൊണ്ടാണ് താങ്കൾക്ക് പന്ത്രണ്ടാം ക്ലാസ് പരീക്ഷയിൽ മാർക്ക് കുറഞ്ഞത് എന്ന് കുമാർ തന്റെ നാട്ടിൽ നടന്ന ആ സാഹചര്യത്തെക്കുറിച്ച് സത്യസന്ധമായി പറയുകയും എന്നാൽ അവർക്ക് അവനിൽ തൃപ്തനാകാതെ പുറത്തേക്ക് കുറച്ചുനേരം നിൽക്കാൻ പറയുകയും ചെയ്യുന്നു ആദ്യ വ്യാകുലനായ കുമാർ തന്റെ സുഹൃത്തിന്റെ വാക്കുകൾ ഓർക്കുന്നു ' റീ സ്റ്റാർട്ട് ' പിന്നീട് അവന്റെ വാക്കുകളും എല്ലാം സംഭരിച്ചുകൊണ്ട് ആത്മവിശ്വാസത്തോടെ അവരുടെ ചോദ്യങ്ങളും മറുപടി പറയുകയും ചെയ്യുന്നു താൻ വന്ന വഴികളും തന്റെ പ്രയത്നങ്ങളും എല്ലാം പറഞ്ഞു ഉൾപ്പെടുത്തി അവൻ അവിടെ നിന്ന് ഇറങ്ങുന്നു കുറച്ചുനാൾക്കു ശേഷം അതിന്റെ റിസൾട്ട് വരുന്നു തനിക്ക് ലഭിക്കില്ല എന്ന് വിശ്വസിച്ച കുമാർ അവസാനം അവന്റെ പ്രയത്നത്തിന് ഫലം കാണുന്നു സുഹൃത്തിന്റെ ഒരൊറ്റ വാക്കായ റീ സ്റ്റാർട്ട് എന്നതും കുടുംബത്തിന്റെ സാഹചര്യങ്ങളും എല്ലാം അവനൊരു നോക്ക് ഓർക്കുന്നു അവസാനം ഒരു പുതിയ ജീവിതത്തിലേക്ക് കുമാർ നീങ്ങുന്നു



# ടിങ്കുവും ഞാനും

ഒരു സുപ്രഭാതത്തിൽ ആരും പ്രതീക്ഷിക്കാതെ എന്റെ കുടുംബത്തിലേക്ക് കടന്നുവന്ന ഒരു പൂച്ചക്കുഞ്ഞാണ് ടിങ്കു. ടിങ്കുവിനെ വീട്ടിലേക്ക് കൊണ്ടുവന്ന അന്ന് അച്ഛനൊന്നും അവളെ ഇഷ്ടമില്ലായിരുന്നു. പിന്നെപ്പിന്നെ അവളുടെ ചെറിയ കളികളും, കുസൃതികളും കണ്ട് അച്ഛനും വീട്ടിലുള്ള എല്ലാവർക്കും അവളെ ഒത്തിരി ഇഷ്ടമായി. ഇപ്പോൾ അവൾ ഞങ്ങളുടെ കുടുംബത്തിലെ അംഗമാണ്. അവൾ വന്നതിൽ പിന്നെ എന്റെ ജീവിതരീതികളും മാറി. രാവിലെ നേരത്തെ തന്നെ എണീക്കും, അവളുടെ പ്രഭാത കർമ്മങ്ങളെല്ലാം കഴിഞ്ഞ് ഞാൻ ഒരുങ്ങി സ്കൂളിലേക്ക് പോകും. അങ്ങനെയുള്ള ഒരു രീതിയിലേക്ക് മാറി എന്റെ ജീവിതം.

ടിങ്കു വന്നതിൽ പിന്നെ ചേച്ചിയും ഞാനും ഏട്ടനും തമ്മിലുള്ള വഴക്കെല്ലാം മാറി നല്ല സന്തോഷത്തിൽ ആയി. കുടുംബത്തിൽ കുറച്ചു കുറച്ച് സന്തോഷങ്ങൾ വരാൻ തുടങ്ങി. എനിക്ക് എന്തൊരു വിഷമം വന്നാലും ഞാൻ ടിങ്കുവിന്റെ അടുത്ത് ചെന്നിരുന്ന് അവളോട് കുറെ സംസാരിക്കും, എന്നിട്ട് അവളുടെ കളികൾ നോക്കിയിരിക്കും. ടിങ്കുവിന്റെ അടുത്ത് ഇടപെടുമ്പോൾ എനിക്കും എന്റെ മനസ്സിനും വല്ലാത്ത സന്തോഷമാണ്. നമ്മുടെയൊക്കെ കുടുംബത്തിലേക്ക് പ്രതീക്ഷിക്കാതെ ചിലരൊക്കെ കടന്നുവരും. അവർ നമുക്ക് പല സന്തോഷങ്ങളും നൽകും. അങ്ങനെ എന്റെ കുടുംബത്തിലെ കടന്നുവന്ന ഒരു അംഗമാണ് എന്റെ ടിങ്കു. ഇപ്പോൾ ഞങ്ങൾക്ക് അവളെ ഒരിക്കലും വിട്ടുപിരിയാൻ കഴിയില്ല.

അനുശ്രീ 9G



# Reminiscenza

The buds and blooms of a mango tree,
It's the announcement
Of another mango season.
And a reminiscence for many.
Passage of time can't be a wall
In the outpouring of these memories.
Sometimes, the sweetness of their pulp
Brings to my mind,
The image of a man who climbed Such a tree
With lots of sweet and pulpy expectations.
His kith and kin, the very dears,
Resting near in an afternoon nap.
It's the bunch of mangoes
That were at its zenith,
That attracted him to climb
The ladder to the Heaven.

**Sindhu. K. C**



# हमारी प्रकृति

कितना सुंदर अपना संसार
ऋतुओं की है यहाँ बहार
मिलजुल कर सब रहते हैं
प्रकृति इसे हम कहते हैं ।
सब जगह हरियाली छायी
सूरज का वरदान है
हम रहते है प्रकृति में और
यही हमारी शान है ।
प्रकृति से हमें मिलता है सब कुछ
चाहे अंत हवा या जल हो
हमें बचाती हमें खिलाती
प्रकृति से ही सब अर्पण हो

श्रीष्मिका एम 9A

# زندگی



زندگی، ایک سفر ہے بے مقصد
راہوں میں پیچھے چھوڑ جاتی ہے خوابوں کا سفر۔

ہر دن ایک نیا مقابلہ، ایک نیا امتحان
اور ہر پھول ایک نئی امید، ایک نئی چاہت۔

مواقع کی گھڑیاں گزرتی ہیں بے رکاوٹ
لیکن ہمیں سیکھنا ہے کہ اُس موقع کو کس طرح پکڑا جائے۔

زندگی کی چٹانوں میں بھی خوابوں کی جگہ ہے
اور اُن خوابوں کو پورا کرنے کی جدوجہد ہمیں مقصد دیتی ہے۔

توڑنے والے بہت ہیں، لیکن ٹوٹے نہیں ہیں ہم
کیونکہ ہر ٹوٹا ہوا تکبیر ہے، ایک نیا آغاز، ایک نیا ابتدا۔

زندگی، ایک گہری سمندر کی طرح ہے
جس کے ہر لہر میں ایک نئی کہانی، ایک نئی سیکھ چھپی ہے۔



# ബാല്യമേ സുന്ദരം

തിരികെ നടക്കുവാൻ
ആശിക്കുമൊരു കാലം
മധുരമാമോർമ്മകൾ
നൽകിപ്പിരിഞ്ഞൊരാ
മധുവൂറും കാലം
ബാല്യകാലം ......

ചിതറിത്തെറിച്ചൊരാ
ബാല്യത്തെത്തിരയുന്നു
മനതാരിലുള്ളെൻ്റെ
ഓർമകളിൽ
ഒപ്പം നടന്നൊരാ
കൂട്ടുകാരിപ്പൊഴും
ഓർമതൻ തിണ്ണയിൽ
പുഞ്ചിരി വിടർത്തുന്നു
കാതിൽ മുഴങ്ങുന്നു
കുപ്പിവളകൾതൻ
മണികിലുക്കം

ബാല്യമേ നീയാണ് സന്തോഷം
മുറിഞ്ഞു കിടക്കുന്ന
കാൽ മുട്ടുപോലെ
വിങ്ങുന്നുണ്ടെന്നുടെ
ഹൃദയമിന്നും
മഴമേഘ മെത്തുമ്പോൾ
ഇപ്പൊഴും ഞാനെൻ്റെ
മനസിൽ മെനയുന്നു
കലാസു തോണി

**നിവേദ്യ കെ.കെ.**
**9A**



# HUMANOID

A humanoid robot is a robot resembling the human body in shape. The design may be for functional purposes, such as interacting with human tools and environments, for experimental purposes, such as the study of bipedal locomotion, or for other purposes. In general, humanoid robots have a torso, a head, two arms, and two legs, though some humanoid robots may replicate only part of the body, for example, from the waist up. Some humanoid robots also have heads designed to replicate human facial features such as eyes and mouths. Androids are humanoid robots built to aesthetically resemble humans. Today's humanoid robots come in different shapes and sizes and are extensively being used for research and space exploration personal assistance and care-giving education and entertainment search and rescue operations manufacturing and maintenance, public relations and most importantly healthcare sector.

# ആ യാത്രയിൽ

പഠനയാത്ര ഇന്നാണ്.. ഞാൻ രാവിലെ ആറുമണിക്ക് എഴുന്നേറ്റു 7:45 എത്താനാണ് പറഞ്ഞത്. ഞാൻ എത്തിയപ്പോഴേക്കും എട്ടുമണി കഴിഞ്ഞിരുന്നു. 8:30ന് ബസ് സ്കൂളിൽ നിന്നും സ്റ്റാർട്ട് ചെയ്തു. ആദ്യം തന്നെ ബൊട്ടാണിക്കൽ ഗാർഡനിലേക്ക് പോയി. ഫോട്ടോയൊക്കെ എടുത്ത് ഞങ്ങൾ അകത്തേക്ക് കടന്നു. ആദ്യം മരുഭൂമിയിൽ ഉണ്ടാവുന്ന ചെടിയുടെ അടുത്താണ് പോയത് അവ ഹോളി ഹൗസ് ഫാമിംഗ് കൊണ്ട് സംരക്ഷിക്കപ്പെട്ടിരുന്നു. പിന്നെ ഇഞ്ചിയുടെ വിവിധതരം തൈകൾ കണ്ടു. പിന്നെ ഞങ്ങൾ കാട്ടിലേക്ക് നടന്നു പൂർണ്ണമായും കാട് എന്ന് പറയാൻ വയ്യ. വള്ളിച്ചെടികളും മറ്റുമാണ് അവിടെ ഉണ്ടായിരുന്നത്. അവർ ഞങ്ങളുടെ നടപ്പാതയിൽ തടസ്സം വരുത്തി. പിന്നെ വഴിയറിയാതെ അവിടെനിന്നിറങ്ങി ചെറിയ കുറ്റിച്ചെടികൾ കസേര പോലെ വച്ചിരുന്നു അവിടെ പതിയെ ഇരുന്ന് ഫോട്ടോയെടുത്തു. ഒരുപാട് കുളങ്ങൾ ഉണ്ടായിരുന്നു അതിൽ ഒന്നിൽ പൊങ്ങിക്കിടക്കുന്ന ഒരു സസ്യമുണ്ടായിരുന്നു ആമ്പലും താമരയും ഉണ്ടായിരുന്നു. ഒരുപാട് വെള്ളച്ചാട്ടം പോലെയുള്ള സ്ഥലങ്ങൾ ഉണ്ടായിരുന്നു. ഒരു മത്സ്യകന്യയുടെ പ്രതിമയിൽ അതിന്റെ കയ്യിൽ ഒരു കുടം ഉണ്ടായിരുന്നു അതിൽ നിന്ന് തുടർച്ചയായി വെള്ളം വീണുകൊണ്ടിരുന്നു. പിന്നെ കുറ്റിച്ചെടികൾ കൊണ്ട് കസേര ഉണ്ടാക്കി വച്ചത് കണ്ടു. അതിൽ പതിയെ ഇരുന്ന് ഫോട്ടോയൊക്കെ എടുത്തു ചെടികൾക്ക് വെള്ളമൊഴിക്കുന്ന സംവിധാനം എന്നെ കുറിച്ച് നനപ്പിച്ചു.

പിന്നെ പോയത് ഓട് ഫാക്ടറിയിലേക്കാണ്. കോമൺവെൽത്ത് ടൈൽസ് ഫാക്ടറി 1823 ലാണ് ഇത് സ്ഥാപിക്കുന്നത്. അവിടത്തെ കണ്ടുപിടുത്തങ്ങളിൽ എല്ലാം ഒന്ന് കണ്ണോടിച്ചപ്പോൾ ചാർലി ചാപ്ലിൻ സിനിമയിലെ യന്ത്രങ്ങളെ പോലെ തോന്നി. ഓടുകൾ തീവണ്ടി പോലെയുള്ള സാധനങ്ങളിൽ കൊണ്ടു പോകുന്നുണ്ടായിരുന്നു ആകാശം മുട്ടി നിൽക്കുന്നത് പോലെ കുത്തബ്മിനാർ പോലെയുള്ള ഒരു ഒരു ഗോപുരം അവിടെ ഉണ്ടായിരുന്നു. ഒരാൾ ലാമ്പ് പിടിച്ച് ഒരു തുരങ്കത്തിനുള്ളിൽ കയറി. അതിനുള്ളിൽ ചൂടാക്കി വെച്ച ഓടുണ്ടായിരുന്നു.

അതുകഴിഞ്ഞ് പ്ലാനിറ്റോറിയം അവിടെ എത്തിയതും പാർക്കിൽ കളിക്കാൻ തുടങ്ങി. പിന്നെ ഭക്ഷണം കഴിച്ചതിനുശേഷം പല മീനുകളെയും ആമകളെയും കണ്ടു. പിന്നെ കെമിസ്ട്രി, ബയോളജി, ഫിസിക്സ് എന്നീ വിഷയങ്ങളെ ആസ്പദമാക്കിയുള്ള ഒരുപാടു ലാബുകൾ കണ്ടു. പിന്നെ ഓടി പ്ലാനിറ്റോറിയത്തിലേക്ക് കയറി പുറത്തു നല്ല ചൂട് ആയിരുന്നു. അതിനുള്ളിൽ എത്തിയപ്പോൾ നല്ല തണുപ്പായിരുന്നു. ആ ഷോ കുറച്ചുനേരം ഉണ്ടായിരുന്നുള്ളൂ. അതുകൊണ്ട് അത് വലിയ രസമുള്ളതായി എനിക്ക് തോന്നിയില്ല. പിന്നെ വെള്ളം കുടിക്കാനായി വരിനിൽക്കുമ്പോൾ ത്രീഡി ഷോ കാണാനായി വിളിച്ചു. കണ്ണടയും വെച്ച് അത് കാണുമ്പോൾ അത് നമ്മുടെ അടുത്തെത്തുന്നതായി തോന്നി. ഇതാണ് എനിക്കിഷ്ടപ്പെട്ടത്. പിന്നെ അതും കഴിഞ്ഞ് കുറച്ചുനേരം നിന്ന് വേറെ ഒരു സുവോളജിക്കൽ ലാബിൽ പോയി ഒരുപാട് ജീവികളെ കണ്ടു. അവയെല്ലാം ജീവനിൽ ഇല്ലാത്തതായിരുന്നു.

പിന്നീട് തിരിച്ചുനടന്ന് ബസ്സിൽ കയറി ബീച്ചിൽ പോയി എന്നിട്ട് ചുരണ്ടി ഐസും ,ഉപ്പിലിട്ട സാധനങ്ങളും, കടലയും എല്ലാം കടലിന്റെ ഭംഗി ആസ്വദിച്ചു കഴിച്ചു. പിന്നെ ഞാൻ എന്റെ പേര് കടപ്പുറത്ത് എഴുതി. കുറെനേരം കഴിഞ്ഞാണ് അത് കടലമ്മ മായിച്ചത്. ഞങ്ങൾ അവിടെ നിന്ന് ഒട്ടകത്തെ കണ്ടു. ഞാൻ അതിനെ തൊട്ടോട്ടെ എന്ന് ചോദിച്ചപ്പോൾ അയാൾ ഓക്കെ പറഞ്ഞു അതിന്റെ രോമങ്ങൾ തേങ്ങയുടെ ചകിരി പോലെ തോന്നി. പിന്നെ ഹൈലൈറ്റ് മാളിൽ മുകളിലേക്ക് പോകാൻ ലിഫ്റ്റ്, സ്റ്റെപ്പ് ഒന്നും കണ്ടില്ല. ഞാൻ കണ്ടത് ചലിക്കുന്ന പടികൾ ആയിരുന്നു.അവിടെ ഒരുപാട് ഗെയിമുകളും മറ്റും ഉണ്ടായിരുന്നു പിന്നെ ഞങ്ങൾ തിരിച്ചു പോരാൻ തീരുമാനിച്ചു. പക്ഷേ ഞങ്ങൾക്ക് വഴി തെറ്റി. എന്നാലും ഞങ്ങൾ രക്ഷപ്പെട്ടു. പിന്നെ ബസ്സിൽ കയറി സാർ ഐസ്ക്രീം വാങ്ങി തന്നു. ഞാൻ കഴിച്ചത് പിസ്ത ഫ്ലേവർ ആയിരുന്നു. 9 മണി ആയപ്പോഴേക്കും സ്കൂളിൽ തിരിച്ചെത്തി. അവിടെ എന്നെ കൂട്ടി കൊണ്ടു പോകാൻ അച്ഛൻ വന്നിരുന്നു.

ആര്യ കൃഷ്ണ വി
8J























@OKL












vivo X60 Pro+ - ZEISS






vivo X60 Pro+ - ZEISS
Sep 13, 2023, 14:31




ART













# സകല ഉലാബി

'ബ്രോ..
ങ്ങള് ഗിറ്റാറിസ്റ്റാണോ? '

എന്നോട് തന്നെയാണോ! ഞാനൊന്നു തിരിഞ്ഞു നോക്കി.. അടുത്തൊന്നും വേറാരുമില്ല!

'അല്ലല്ലോ..!!'

'ഡ്രംസ് വായിക്കാറുണ്ടോ?'
'ഇല്ല'

'കീബോർഡ്?'
ഞാൻ തല വെട്ടിച്ചു.

'എന്തെങ്കിലും വായിക്കുമോ.. ?!!'

ഞാനാകെ പെട്ട്.. സജിയും മേഘലയുമൊക്കെ ചിരിക്കാൻ തുടങ്ങി..

പുസ്തകം വായിക്കാറുണ്ടെന്ന് പറഞ്ഞാൽ അടി കിട്ടുമോന്ന് ഒരു സംശയമുള്ളതു കൊണ്ട് പറഞ്ഞില്ല..

എന്തായാലും മൂപ്പര് എന്നെ വെറുതെ വിട്ട് ഓരെ കമ്പനിക്കാരെ കൂടെ ബീച്ചിലെ തിരക്കിൽ ഊളിയിട്ടു.

ഞങ്ങളും അവിചാരിതമായി നടന്ന ആ സംഭവം പറഞ്ഞു ചിരിച്ചു കൊണ്ട് റോഡ് ക്രോസ്സ് ചെയ്ത് അപ്പുറത്തുള്ള ചായപ്പീടിയെലേക്ക് നടന്നു. ബീച്ചില് ഒരു റഷ്യൻ ബാലേ ഒക്കെ കണ്ട് പൊറത്തേക്കിറങ്ങിയതാണ് ഞങ്ങൾ.

ഏതെങ്കിലും ഒരു മ്യൂസിക്കൽ ഇൻസ്ട്രുമെന്റ് ഒക്കെ വായിക്കാൻ അറിയാമായിരുന്നെങ്കിലെന്ന് ഞാനും പലപ്പോഴും ആഗ്രഹിച്ചിട്ടുണ്ട്. അത്രയും സിമ്പിളായി ചുറ്റുമിരിക്കുന്ന ആൾക്കാരുടെയൊക്കെ മൂഡ് തന്നെ മാറ്റിക്കളയുന്ന ചില മനുഷ്യരുടെ മാജിക് കണ്ടിറ്റ് അസൂയയോടെ ഇരുന്നിട്ടുണ്ട്.

അത് പോലെ ഈ മുടി എന്നെ പല സ്ഥലങ്ങളിലും പലതാക്കി മാറ്റാറുണ്ട്. പ്രാന്തനായും പാട്ടുകാരനായും കവിയായും കലാകാരനായും കാമുകനായും പിച്ചക്കാരനായും വെളിച്ചപ്പാടായിറ്റും ഒക്കെ പലയിടത്തും പലതായി പ്രത്യക്ഷപ്പെടാറുണ്ട്. അതൊടൊക്കെ ഒപ്പം ഒരു അധ്യാപകൻ കൂടിയായും വേഷമിടുന്നുണ്ട്.

കഴിഞ്ഞ ദിവസം കൂടി കുട്ടികൾ വരാന്തേന്റെ അങ്ങേയറ്റത്തൂന്നു വിളിച്ചു കൂവുന്നുണ്ടായിനി..

'മാഷേയ് ... മുടി അയിച്ചിടീ, അതല്ലേ പൊളി..'

ആദ്യം കണ്ടപ്പോ അന്തം വിട്ട് , ഇത് കടിക്കുമോ! എന്ന മട്ടിൽ അവർ ക്ലാസ്സിൽ എന്നെ നോക്കിയിരുന്നത് ഞാനോർത്തു. പിന്നീട് കുറച്ചു നാള് കഴിഞ്ഞപ്പോളാണ് അവരെന്നോട് പതുക്കെ കൂട്ടാവുന്നത്. ഇപ്പൊ ഞങ്ങള് കട്ട കമ്പനിയാണ്.

അല്ലെങ്കിലും അലക്കിത്തേച്ച ഒരൊറ്റ മാതൃകയിൽ അധ്യാപകരെയോ അല്ലെങ്കിൽ മനുഷ്യരെ തന്നെയോ കുട്ടികൾ രജിസ്റ്റർ ചെയ്യേണ്ടതുണ്ട് എന്ന് ഞാനൊട്ടും കരുതുന്നില്ല.

എല്ലാവരെയും എന്തായാലും ഡോക്ടറോ എൻജിനീയറോ പട്ടാളക്കാരനോ മെഡിക്കൽ റെപ്പുകളോ ബാങ്ക് ക്ലാർക്കുകളോ ആവാൻ മാത്രം 'വാർത്തെടുക്കുക' യല്ലല്ലോ നമ്മുടെ പരിപാടി.

കുട്ടികൾക്ക് രൂപത്തിലും ഭാവത്തിലും പെരുമാറ്റത്തിലും ഭാഷയിലുമൊക്കെ കൂടി തങ്ങളെത്തന്നെ ആത്മവിശ്വാസത്തോടെ ആവിഷ്കരിക്കാൻ പല സാദ്ധ്യതകൾ ഉള്ള ഒരിടമായി സ്കൂളുകൾ മാറണം എന്നാണ് എന്റെ അദമ്യമായ ആഗ്രഹം. അതുകൊണ്ട് തന്നെ എല്ലാ ഫ്രീക്കന്മാർക്കും ഫ്രീക്കത്തികൾക്കും ഐക്യദാർഢ്യം പ്രഖ്യാപിച്ചു കൊണ്ട് ഒട്ടും ജഡ്ജ്മെന്റൽ അല്ലാതെ സ്നേഹത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും പരസ്പര ബഹുമാനത്തിന്റെയുമൊക്കെ മറ്റൊരു മാതൃക തുറന്നിടാൻ നമുക്കാവട്ടെ.


# أصدقاء جيّدة

في يوم من الايّام يعيش صديقان حميمان في قرية أحدهما راجو والأخر اسمه رامو .كان راجو ذو شخصيّة جيّدة و لكن رامو كان شخصيّته سيّئة . ولا يزال كلاهما صديقين جيدين مرّت بعض اشهر و في احد الايّام ذهب راجو و رامو إلي الغابة معا رأى واستمع في الطبيعة انواع مختلفة من الزهور وانواع كثيرة من الطيور والحيوانات وفجأة جاء الدب إليهم

عندما رأى رامو الدب هرب. لكن راجو لم يهرب لأنه أصيب بجرح كبير في ساقه . قال رامو لدبّ : لا تأكل راجو لأنه أفضل صديق من أصدقائي لأنّني اعطاك نفسي بدل راجو خذ لي هذا الطلب . كسر قلب الدّب وقال الدب لراجو أنّك صديق جيّد . وفي المستقبل سأكون صديقا جيّدا لجميع الحيوانات التي تعيش في الغابة









ഞാനും എന്റെ ഫാമിലിയും വെക്കേഷനിൽ മൈസൂരിലേക്ക് പോകുന്ന വഴി സൂര്യകാന്തി തോട്ടം കണ്ടു. ഞങ്ങൾ അത് കാണാൻ ഇറങ്ങി. സൂര്യകാന്തി പൂക്കൾ എന്നെ ആരും കാണാത്ത രൂപത്തിൽ ഒളിപ്പിച്ചു. പൂക്കൾ നിരന്ന് നിൽക്കുന്നത് കാണാൻ നല്ല രസമുണ്ടായിരുന്നു.






ഇന്നലെ ഞാന് പാടത്തിലെ കുളത്തിൽ
ചാടാൻ പോയി


അമ്മ പറഞ്ഞത് കേൾക്കാതെ
ഞാൻ മല മുകളിലേക്ക്
കയറിപ്പോയി കയറുന്നതിന്റെ
ഇടയിൽ അതാ. ഒരു പാമ്പ്
മുന്നിൽ. ഞാൻ പേടിച്ച്
തിരിഞ്ഞ് ഓടിയപ്പോൾ കല്ല്
തടഞ്ഞ് വീണു.


ഞാൻ എന്നത്തെയും പോലെ ഇന്നും ഫുട്ബോൾ
കളിക്കാൻ പോയി. എന്നെ എല്ലാവരും കൂടി ഗോൾ
കീപ്പർ നിർത്തി. കളി തുടങ്ങിയപ്പോൾ എതിർ ടീം
താരം എന്റെ പോസ്റ്റിലേക്ക് അടിച്ചു. ക്രോസ് ബാറിൽ
തട്ടി തിരിച്ചു പോസ്റ്റിലേക്ക് വന്ന ബോൾ ഞാൻ പിടി-
ച്ചു. അപ്പോളാണ് അത് സംഭവിച്ചത് കവുങ്ങ്. കൊണ്ട്
ഉണ്ടാക്കിയ ക്രോസ്ബാർ അടികൊണ്ടപ്പോൾ ഇളകി താഴേ-
ക്ക് വീണു. എനിക്ക് ഭാഗ്യം കൂടുതലായതിനാൽ അത്
എന്റെ തലക്ക് തന്നെ വീണു. കൈയിലിരുന്ന ബോൾ
പോസ്റ്റിലേക്ക് പോയി. ഞാനങ്ങ് ഇല്ലാതായി പോയി.
AIL
goal



ഞാൻ ഒരു ദിവസം
പ്രാവിനെ വാങ്ങിച്ചു
അതിന് ഞാൻ ഇഷ്ടം
ഉള്ള ഭക്ഷണം കൊടു
ത്തു. അത് ഒരു ദിവസം
പാറിപ്പോയി ഞാൻ വിഷ
മിച്ചു പിന്നെ രണ്ടു ദി
വസം കഴിഞ്ഞ് ഞാൻ
അത് തിരിച്ചുവന്നു

9.7.2023
ഞായർ

ഇന്ന് ഞാൻ മീനുകൾക്ക് തീറ്റ കൊടുത്തപ്പോൾ പതിവില്ലാതെ ഞാൻ കുറച്ചു നേരം മീനുകളെ നോക്കിനിന്നു. മനോഹരമായ തെളിഞ്ഞ വെള്ളത്തിൽ അവരങ്ങനെ നീന്തിത്തുടിച്ച് കളിക്കുന്നത് ഞാൻ കുറേ നേരം നോക്കി നിന്നുപോയി. അവർ എന്നെ നോക്കി പുഞ്ചിരിക്കുന്നതായി എനിക്കു തോന്നി.

